ശ്രീ. സി. അച്യുതമേനോൻ : അതു പരിശോധിച്ചിട്ടില്ല. അതു മെയലി കാവകാശത്തിൽപ്പെട്ട കാര്യമാണു്.

ശ്രീ. സി. എ. മാത്യു : ഇത്രയധികം ഹർജികളും ഗവണ്മെൻറിനെതിരായി വരുന്നതു് ഗവണ്മെൻറു് നിയമങ്ങളെ മാനിക്കാത്തതുകൊണ്ടാണെന്നു കരുതുന്നുണ്ടോ ?

Mr. Speaker : It is a conclusion. Everybody is free to form one's own conclusion from the data available.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇതിൽ നിയമങ്ങളും ഭരണഘടനയും വിരുദ്ധമാണെന്നുപറഞ്ഞു. എത്ര റിട്ട ഹർജികളും ഉണ്ടായിരുന്നുവെന്നും ഗവണ്മെൻറു് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കെതിരായി എത്ര ഹർജികളും ഉണ്ടായിരുന്നുവെന്നും പറയാമോ ?

ശ്രീ. സി. അച്യുതമേനോൻ : നോട്ടീസു് വേണം.

ശ്രീ. ഇ. പി. പൗലോസു് : പോലീസു് സഹായം ആവശ്യമുള്ള അവസരങ്ങളിൽ കൊടുക്കണമെന്നുള്ളതിലേക്കു് എത്ര ഹർജികളും കൊടുത്തിട്ടുണ്ടായിരുന്നു ?

ശ്രീ. സി. അച്യുതമേനോൻ : അതു് ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജോർജ്ജു് : ഇത്രയധികം ഹർജികളും ഉണ്ടായതു് എന്തുകൊണ്ടാണെന്നു നിയമഡിപ്പാർട്ടുമെൻറിനെക്കൊണ്ടു് അന്വേഷിപ്പിക്കുകയും അവർ അഭിപ്രായം പറയുകയും ചെയ്തിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെയൊന്നും ചെയ്തിട്ടില്ല. ഞാൻ പ്രതികൂലമായിട്ടെന്നു പറഞ്ഞതു് എന്തർത്ഥത്തിൽ ആണു്. എടുത്തതെന്നു സംശയിച്ചുപോകുന്നു. പ്രതികൂലം എന്നു പറഞ്ഞതു് റിട്ട ഹർജികളും കൊടുത്തവർക്കു് പ്രതികൂലമെന്നാണു് മനസ്സിലാക്കേണ്ടതു്. അല്ലാതെ ഗവണ്മെൻറിനു പ്രതികൂലം എന്നല്ല.

ശ്രീ കെ. എം. ജോർജ്ജു് : നിലവിലിരിക്കുന്ന നിയമങ്ങൾക്കു വിരുദ്ധമായി ചെയ്തുകൊണ്ടാണോ, കേസ്സു നടത്തിപ്പിലുള്ള ദോഷംകൊണ്ടാണോ, ഇത്രമാത്രം റിട്ട ഹർജികളിൽ ഗവണ്മെൻറിനെതിരായി തീരുമാനമുണ്ടായതെന്നു മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഇല്ല.

തൊഴിലാളികളുടെ തൊഴിൽ സമയം.

* 1387. [11] ശ്രീ. കെ. ഹസ്സൻ ഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) എല്ലാ വിഭാഗത്തിലും ജോലിചെയ്യുന്ന തൊഴിലാളികൾക്കും ദിവസേനയുള്ള തൊഴിൽസമയം 8 മണിക്കൂറായി ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഓവർടൈം ലഭിക്കാതെ 8 മണിക്കൂറിൽ കൂടുതൽ ജോലിചെയ്യുവാൻ ബാധ്യസ്ഥരായ വിഭാഗങ്ങൾ ഏവ ;

(സി) അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസു്) :

(എ) ഇല്ല.

(ബി) ഫാക്ടറീസു് ആക്ടിനേയും, പ്ലാൻേറഷൻ ലേബർ ആക്ടിനേയും പരിധിയിൽപ്പെടുന്ന തൊഴിലാളികൾ.

(സി) ഫാക്ടറീസു് ആക്ടിലും പ്ലാൻേറഷൻ ലേബർ ആക്ടിലും അപ്രകാരമാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly